# Virtual Summit between Prime Minister NarendraModi and Italy's Prime Minister Prof. Giuseppe Conte

November 04, 2020

## പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇറ്റലി പ്രധാനമന്ത്രി പ്രൊ.ഗ്യൂസെപ്പെ കോണ്ടെയുമായുള്ള വിര്‍ച്വല്‍ ഉച്ചകോടി

നവംബര്‍ 04, 2020

1. 2020 നവംബര്‍ 6 ന് പ്രധാനമന്ത്രി ശ്രീനരേന്ദ്ര മോദിയും ഇറ്റലി പ്രധാനമന്ത്രി ശ്രീ ഗ്യൂസെപ്പെ കോണ്ടെയും തമ്മില്‍ വിര്‍ച്വലായുള്ള ഉഭയകക്ഷി ഉച്ചകോടി നടന്നു.

2. ശക്തമായ ചരിത്രപരമായ ബന്ധങ്ങള്‍, ജനാധിപത്യ പ്രവര്‍ത്തനങ്ങള്‍, ഭരണ നിയമം എന്നിവയിലെ സമാനത കൂടാതെ അന്ത്രദേശീയ സമാധാനം സ്ഥിരത എന്നിവയിലെ പൊതുവായ ദര്‍ശനങ്ങള്‍ എന്നിവ മൂലം ഇന്ത്യയും ഇറ്റലിയും തമ്മില്‍ ഊഴമളവും ബഹുവിധവുമായ ബന്ധം പങ്കു വയ്ക്കുന്നു. ഇന്ത്യ ഇറ്റലിയെ യൂറോപ്യന്‍ യൂണിയനിലെ ഒരു പ്രധാനം അംഗമായി കണക്കാക്കുകയും ഇന്ത്യ -ഇ യു ബന്ധങ്ങളിലെ അനുകൂലമായ സംഭാവനകളെ മൂല്യവത്തായ കണക്കാക്കുകയും ചെയ്യുന്നു.

3. ഇന്ത്യ ഇറ്റലി ബന്ധങ്ങളില്‍ 2017, 2018 വര്‍ഷങ്ങളിലെ ഇറ്റാലിയന്‍ പ്രധാനമന്ത്രിമാരുടെ സന്ദര്‍ശനം ഉള്‍പ്പടെയുള്ള സ്ഥിരമായ ഉന്നതതലഇടപാടുകള്‍ ഉള്‍പ്പെട്ടതാണ്.2019 ലെ ഉഭയകക്ഷി വാണിജ്യം 9.52 ബില്യണ്‍ യൂറോകള്‍ ആയിരുന്നു. യൂറോപ്യന്‍ യൂണിയനില്‍ ജര്‍മനി, ബെല്‍ജിയം, യു കെ, ഫ്രാന്‍സ് എന്നിവയ്ക്ക് ശേഷമുള്ള അഞ്ചാമത്തെ വലിയ വാണിജ്യപങ്കാളിയാണ് ഇറ്റലി.ഫാഷന്‍, തുണിത്തരങ്ങള്‍, ടെക്സ്റ്റൈല്‍, ടെക്സ്റ്റൈല്‍ മെഷീനുകള്‍, വാഹന ഘടകഭാഗങ്ങള്‍, നിര്‍മാണം, രാസവസ്തുക്കള്‍, ഊര്‍ജഉല്പാദന വസ്തുക്കള്‍ ,ഇന്‍ഷുറന്‍സ് മുതലായവ ഉള്‍പ്പെടെയുള്ള പലമേഖലകളിലായി 600 വന്‍കിട ഇറ്റാലിയന്‍ കമ്പനികള്‍ ഇന്ത്യയില്‍ പ്രവര്‍ത്തിക്കുന്നുണ്ട്.

ഇറ്റലിയിലും നിരവധി ഇന്ത്യന്‍ കമ്പനികളുണ്ട്. സര്‍ക്കാരുകള്‍ തമ്മിലും പൊതു മേഖകലകള്‍ തമ്മിലുമുള്ള പല കരാറുകളും/ ധാരണാപത്രങ്ങളും പ്രവര്‍ത്തനത്തിന്റെ അവസാനഘട്ടങ്ങളില്‍ ഉള്ളവയും ഈ അവസരത്തില്‍ തീരുമാനങ്ങളെടുക്കാന്‍ ഉദ്ദേശിച്ചിരിക്കുന്നവയുമാണ്.

4. ഉഭയകക്ഷി ബന്ധങ്ങളുടെ വിശാലമായ ഘടന സമഗ്രമായി അവലോകനം ചെയ്യുന്നതിനും ഇരു വിഭാഗങ്ങൾക്കും താല്പര്യമുള്ള പ്രാദേശികവും ആഗോളവുമായ വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറ്റം ചെയ്യുന്നതിനും വിർച്ചൽ ഉഭയകക്ഷി ഉച്ചകോടി ഇരു നേതാക്കൾക്കും അവസരം നൽകുകയാണുണ്ടായത്.

**ന്യൂ ഡൽഹി**
**04 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.